പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

14-07-2014 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 7406

അഗ്രോ സർവ്വീസ് സെന്ററുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ ഘടന വിശദീകരിക്കാമോ; | (എ) | ഓരോ അഗ്രോ സർവ്വീസ് സെന്ററുകളും 1955 ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓരോ അഗ്രോ സർവ്വീസ് സെന്ററിലും ഐ.റ്റി.ഐ, വി.എച്ച്.എസ്.ഇ, എസ്.എസ്.എൽ.സി എന്നീ യോഗ്യതയുള്ള 5 പേർ വീതം (കുറഞ്ഞത്) അംഗങ്ങളായിരിക്കും. സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകർ/കൃഷി ഓഫീസർ ആണ് സെന്ററിന്റെ ഫെസിലിറ്റേറ്റർ. അംഗങ്ങൾ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെ തിരഞ്ഞെടുക്കുന്നു. താഴെ പറയുന്നവർ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളാണ്.<br>1. അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രസിഡന്റ്<br>2. സെക്രട്ടറി<br>3. സഹകരണ ബാങ്ക് പ്രസിഡന്റ്<br>4. കൃഷി അസിസ്റ്റന്റ് ഡയറക്ടർ<br>5. കൃഷി ഓഫീസർ |
| (ബി) അഗ്രോ സർവ്വീസ് സെന്റർ ഒന്നിന് പ്രതിവർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 25 ലക്ഷം രൂപയും പ്രാരംഭ ചെലവുകൾക്കായി 7 ലക്ഷം രൂപയും ചേർത്ത് മൊത്തം 32 ലക്ഷം രൂപ ഓരോ അഗ്രോ സർവ്വീസ് സെന്ററിനും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ